* പെരിന്തൽമണ്ണയ്ക്കടുത്ത് കീഴാറ്റൂരിൽ പൂന്താനം ഇല്ലത്തു ജനനം.
* ശ്രീകൃഷ്ണഭക്തൻ.
* കൃതികൾ: ജ്ഞാനപ്പാന, ഭാഷാകർണാമൃതം...

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

* **ഉചിതമായവ:**
  - ഉണ്ണിവയർ : ചേറ്
  - ഉണ്ണിക്കൈ : വെണ്ണ
  - ഉണ്ണിക്കാൽ : നൃത്തം
  - ഉണ്ണിക്കൊരുണ്ണി : കുഴൽ
* **ഒറ്റവാക്കിൽ ഉത്തരം:**
  - ശ്രീകൃഷ്ണൻ/ഉണ്ണിക്കണ്ണൻ
  - വെണ്ണ
  - വയറ്റത്ത്
* **പിരിച്ചെഴുതുക:**
  - പേരുണ്ണി : പേര് + ഉണ്ണി
  - ഉണ്ണിക്കൈ : ഉണ്ണി + കൈ
* **ചേർത്തെഴുതുക:**
  - ഉണ്ണി + കാൽ : ഉണ്ണിക്കാൽ
  - കൊണ്ട് + ഒരു : കൊണ്ടൊരു

### അഭ്യാസപുസ്തകം

* **ഒറ്റവാക്കിൽ ഉത്തരം:**
  - ശ്രീകൃഷ്ണൻ/ഉണ്ണിക്കണ്ണൻ
  - വെണ്ണ
  - പൂന്താനം
* **ഉചിതമായ പദങ്ങൾ:**
  - പേര് + ഉണ്ണി : പേരുണ്ണി



  - ഉണ്ണി + കൈ : ഉണ്ണിക്കൈ
  - ഉണ്ണി + കാൽ : ഉണ്ണിക്കാൽ
  - കൊണ്ട് + ഒരു : കൊണ്ടൊരു
* **ശരിയായ പദം?**
  - നൃത്തം
* **ചിത്രം വരക്കാം/ശേഖരിക്കാം:**
  - ഉണ്ണിക്കണ്ണന്റെ ചിത്രം വരച്ച് നിറം നൽകാം. ശേഖരണപുസ്തകത്തിൽ ചേർത്തുവയ്ക്കാം.
* **സമാനകവിതകൾ കണ്ടെത്താം:**
  - 'പീലിത്തിരുമുടി കെട്ടിക്കൊണ്ടങ്ങനെ
    പിച്ചകമാലകൾ ചാർത്തിക്കൊണ്ടങ്ങനെ
    പേർത്തുമോടക്കുഴൽ മിന്നുമാറങ്ങനെ
    ഓമനയായ തിരുനെറ്റിയങ്ങനെ...'

# പാഠം 9 മാർഗദീപം

### പഠനലക്ഷ്യങ്ങൾ

* ജീവചരിത്രക്കുറിപ്പ് ലളിതമായി തയ്യാറാക്കുക.
* ആത്മകഥ മനസ്സിലാക്കുന്നു.
* മദർ തെരേസയുടെ ചരിത്രം, പ്രവർത്തനങ്ങൾ അറിയുന്നു.
* ജീവകാരുണ്യപ്രവർത്തനങ്ങൾ മനസ്സിലാക്കുന്നു; ജീവിതത്തിന്റെ ഭാഗമാക്കുന്നു.

### പഠനാവതരണം

മദർ തെരേസയുടെ ഒരു ചിത്രം കുട്ടികളെ കാണിക്കുക. മദറിനെക്കുറിച്ചറിയാവുന്ന വിവരങ്ങൾ കുട്ടികളിൽനിന്നും ശേഖരിക്കുക. ലഭിച്ച വിവരങ്ങൾ ഒരു ചാർട്ടിലിടുക.

* പാവങ്ങൾക്കുവേണ്ടി ജീവിച്ചു.
* സന്യാസിനി
* നോബൽസമ്മാനം ലഭിച്ചിട്ടുണ്ട്.
* പാവങ്ങളുടെ അമ്മ.

പാഠഭാഗം അധ്യാപിക ഉറക്കെ വായിക്കുന്നു. മദറുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ നൽകണം. പാഠപുസ്തക വായനയ്ക്കുശേഷം കുട്ടികൾക്ക് വളരെ എളുപ്പത്തിൽ മദറിനെപ്പറ്റി പറയാൻ കഴിയും. ഓരോരുത്തരും അവർ മനസ്സിലാക്കിയ മദറിനെപ്പറ്റി ഒരു ലഘുക്കുറിപ്പ് തയ്യാറാക്കട്ടെ.

* മദറുമായി ബന്ധപ്പെട്ട വിവരങ്ങൾ, ചിത്രങ്ങൾ, വാർത്തകൾ ശേഖരിക്കുക. ഒരു ക്ലാസ്സ് ആൽബം തയ്യാറാക്കുക.
* മദറിന്റെ പ്രവർത്തനങ്ങൾ കുട്ടികൾക്ക് ആവേശമാകട്ടെ. അവർ മനസ്സിലാക്കിയത് ജീവിതത്തിൽ പകർത്താൻ കഴിയട്ടെ.
* പദസൂര്യൻ തയ്യാറാക്കാം. പദസൂര്യനിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്ത് ലഘുജീവചരിത്രം തയ്യാറാക്കുക.
  - പാവങ്ങളുടെ അമ്മ
  - ജീവകാരുണ്യപ്രവർത്തക
  - മിഷനറീസ് ഓഫ് ചാരിറ്റി
  - നിർമൽഹൃദയ്
  - അശരണർക്കുവേണ്ടി ജീവിച്ചു.
* ***ആത്മകഥ***: സ്വന്തം ജീവിതകഥ സ്വയം എഴുതുന്നു. സ്വന്തം ജീവിതത്തിലെ അനുഭവങ്ങൾ സത്യസന്ധതയോടെ, വൈകാരികമായി ആവിഷ്ക്കരിക്കുന്നു.
  - എന്റെ സത്യാന്വേഷണപരീക്ഷണകഥ (ഗാന്ധിജി)



* ***ജീവചരിത്രം***: ഒരു വ്യക്തിയുടെ ജീവിതം പഠിച്ച് മറ്റൊരാൾ എഴുതുന്നതാണ് ജീവചരിത്രം.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

* **ശരിയായ അക്ഷരം**:
  - അനാഥർ
  - അഗതികൾ
  - നേതൃത്വം
  - മാർഗദീപം
* **അർത്ഥം**:
  - കാരുണ്യം = ദയ, അലിവ്
  - മാർഗദീപം = വഴിവിളക്ക്
  - സമൂഹം = കൂട്ടം
  - അനാഥർ = നാഥനില്ലാത്തവർ
  - ശുശ്രൂഷിച്ചു = പരിചരിച്ചു
  - പാർപ്പിടം = ഭവനം
* **പിരിച്ചെഴുതുക**:
  - അനാഥരായ : അനാഥർ + ആയ
  - സ്നേഹമായിരുന്നു : സ്നേഹം + ആയിരുന്നു
* **ശരിയായ ഉത്തരം**:
  1. മാർഗദീപം 2. ശുശ്രൂഷിച്ചു 3. പാവങ്ങളുടെ 4. ബഹുമതികൾ 5. ജീവിച്ച
* **ഉത്തരമെഴുതുക**:
  1. • അനാഥർക്ക് ആഹാരവും വസ്ത്രവും പാർപ്പിടവും നൽകി. • രോഗികളെ ശുശ്രൂഷിച്ചു. • ദുഃഖിതർക്കു സ്നേഹവും ആശ്വാസവും നൽകി. അതുകൊണ്ട് മദറിനെ പാവങ്ങളുടെ അമ്മ എന്നു വിളിക്കുന്നു.

2. പഴയ യൂഗോസ്ലാവിയ എന്ന രാജ്യത്തെ സ്കോപ്ജെയിൽ 1910 ആഗസ്റ്റ് 26ന് ജനിച്ചു.
3. ആഗ്നസ് എന്നാണ് മദർ തെരേസയുടെ ആദ്യത്തെ പേര്.
4. പ്രായമായവരെ മരണംവരെ താമസിപ്പിച്ചു പരിചരിക്കുന്നതിനുവേണ്ടിയാണ് നിർമ്മൽഹൃദയ് ആരംഭിച്ചത്.

✻ **ശരിയേത്?**:

- ശുശ്രൂഷ
- അനുകമ്പ

**അഭ്യാസപുസ്തകം**

✻ **ശരിയേത്?**:

- ശുശ്രൂഷ
- നേതൃത്വം
- അനാഥർ
- മാർഗദീപം

✻ **ഉചിതമായ പദങ്ങൾ**:

- അനാഥരായ : അനാഥർ + ആയ
- സ്നേഹമായിരുന്നു : സ്നേഹം + ആയിരുന്നു

✻ **ചേരുംപടി ചേർക്കുക**:

- മദർ തെരേസ : ജീവകാരുണ്യപ്രവർത്തക
- നോബൽസമ്മാനം : പരമോന്നതബഹുമതി
- മിഷനറീസ് ഓഫ് ചാരിറ്റി : പാവങ്ങളെ സഹായിക്കുക
- നിർമ്മൽഹൃദയ് : പ്രായമായവരെ പരിചരിക്കുക

✻ **ശരിയായ ഉത്തരം**:

1. മാർഗദീപം 2. പാവങ്ങളുടെ
3. ശുശ്രൂഷിച്ചു 4. ബഹുമതികൾ

**പ്രസംഗം തയ്യാറാക്കാം**

ബഹുമാന്യരായ വിശിഷ്ടാതിഥികളെ, വിദ്യാർത്ഥികളെ, സുഹൃത്തുക്കളെ,

ഇന്നു സെപ്തംബർ അഞ്ചാംതീയതി. ലോകപ്രശസ്ത



ജീവകാരുണ്യപ്രവർത്തക മദർതരേസ നമ്മെ വിട്ടുപിരിഞ്ഞിട്ട് 2 ദശാബ്ദമായിരിക്കുന്നു. മദറിന്റെ ജീവിതം ഇന്നും നമുക്ക് മാർഗദീപമാണ്. അനാഥരെ, ആരുമില്ലാത്തവരെ സേവിക്കുന്നത് ദൈവത്തെ സേവിക്കുന്നതിനു തുല്യമാണെന്നാണ് മദർ നമ്മെ പഠിപ്പിച്ചത്. പാവങ്ങൾക്കുവേണ്ടിമാത്രം ജീവിച്ച മദർ, അവർക്ക് ആഹാരവും വസ്ത്രവും പാർപ്പിടവും നൽകി. ..................................

- പാഠഭാഗത്തെ വിവരങ്ങൾ കൂട്ടിച്ചേർത്ത് പ്രസംഗം തയ്യാറാക്കുക.

## പാഠം 10 **കടുവയുടെ സൂത്രം**

**പഠനലക്ഷ്യങ്ങൾ**

✻ കഥ പറയാനുള്ള കഴിവ് ആർജ്ജിക്കുന്നു.
✻ ആശയം കണ്ടെത്തുന്നു.
✻ കഥ മാറ്റിപറയുന്നു.
✻ ഗുണപാഠം പഠിക്കുന്നു.

**പഠനാവതരണം**

'ദുഷ്ടൻമാരെ സഹായിച്ചാലും അവരിൽനിന്ന് ദ്രോഹമേ ഉണ്ടാകൂ'. എന്ന തിരിച്ചറിവ് നൽകുന്ന കഥയാണ് കടുവയുടെ സൂത്രം.

✻ 'പാമ്പിനു പാൽ കൊടുത്താലും വിഷം തന്നെ ഛർദ്ദിക്കും' എന്ന പഴഞ്ചൊല്ലിന്റെ ആശയത്തിനു സമാനമായ പഴഞ്ചൊല്ലുകൾ കണ്ടെത്താൻ കുട്ടികളെ സഹായിക്കാം.

✻ '**കണ്ടാലറിയാത്തവൻ കൊണ്ടാലറിയും**'.
ആപത്തുകളെ മുൻകൂട്ടി കാണാത്തവൻ അനുഭവത്തിലൂടെ മനസ്സിലാക്കും.

✻ 'പുലിക്കൂട്ടിൽ തലയിടുക'. 'കടന്നൽക്കൂട്ടിൽ കയ്യിടുക'. അറിഞ്ഞുകൊണ്ട് ആവത്തുവരുത്തിവയ്ക്കുക. ഇത്തരം അനുഭവം ഒരു പാവം ബ്രാഹ്മണനുണ്ടായി. എന്താണെന്നറിയാൻ പാഠഭാഗം വായിക്കാൻ നിർദ്ദേശിക്കാം.

✻ കഥയിൽനിന്ന് എന്താണ് മനസ്സിലായത്?
വളരെ സൂക്ഷ്മമായി നിരീക്ഷിച്ചാലേ പലരുടെയും യഥാർഥസ്വഭാവം മനസ്സിലാവുകയുള്ളു. വളരെ ശ്രദ്ധയോടെ മാത്രമേ അപരിചിതരുമായി ചങ്ങാത്തം ഉണ്ടാക്കാവൂ...

✻ 'അണ്ടിയോടടുക്കുമ്പോഴേ മാങ്ങയുടെ പുളിയറിയൂ'.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

✻ **അർത്ഥം**:

- ഉപായം = സൂത്രം, പോംവഴി
- ഇര = ഭക്ഷണം, തീറ്റ
- പാപം = തെറ്റ്
- നമസ്ക്കരിക്കുക = വണങ്ങുക

✻ **ശരിയായ അക്ഷരം**:

- ശ്രേഷ്ഠൻ
- സന്യാസവേഷം
- പശ്ചാത്തപിക്കുന്നു
- സഹതാപം

✻ **പകരം പദം**:

- വയസ്സനായ കടുവയ്ക്ക് ഭക്ഷണം തേടാൻ വയ്യാതായി.
- ബ്രാഹ്മണൻ പുഴ കടന്നു.
- അവൻ ഒരു ഉപായം കണ്ടെത്തി.



✻ **പകരം പദം**:

- ഭക്ഷണം → ആഹാരം, തീറ്റ, ഇര
- സന്യാസി → സാധു, ഋഷി, മുനി
- പുഴ → നദി, തടിനി, അരുവി
- പാത → വഴി, വീഥി, മാർഗം
- പൂവ് → സുമം, കുസുമം, മലർ

✻ **ഉത്തരങ്ങൾ**:

1. ബ്രാഹ്മണനെയാണ് പുഴയ്ക്കക്കരെ കടുവ കണ്ടത്.
2. സന്യാസവേഷം ധരിച്ച് പുഴയോരത്തുള്ള ഒരു പാറമേൽ ധ്യാനിച്ചിരിക്കാം എന്നതാണ് കടുവ കണ്ടെത്തിയ ഉപായം.
3. കടുവയുടെ ഇരിപ്പും മട്ടും കണ്ടപ്പോൾ ബ്രാഹ്മണന് സഹതാപം തോന്നി.
4. കടുവ ബ്രാഹ്മണന്റെ മേൽ ചാടി വീണ് അയാളെ കൊന്നുതിന്നു.

✻ **കഥയിലെ ഗുണപാഠം/ശീർഷകം**:

- കടുവയുടെ ചതി

### അഭ്യാസപുസ്തകം

✻ **പ്രധാനപദങ്ങൾ**:

- ബ്രാഹ്മണൻ
- ധ്യാനം
- ഉപായം
- സഹതാപം
- ചതി

✻ **പര്യായം**: പാഠപുസ്തകം നോക്കുക. (പേജ് 35)

✻ **ശരിയായ അക്ഷരം**:

- ഠ
- പം
- ചാ
- യം

## പാഠം 11 കൊച്ചുപൂവ്

### പഠനലക്ഷ്യങ്ങൾ

* ഈണം, താളം കണ്ടെത്തുക.
* സംഭാഷണരീതി മനസ്സിലാക്കുന്നു.
* കവിത ആസ്വദിക്കുന്നു.
* ലഘുകവിത തയ്യാറാക്കുന്നു.
* ആശയം മനസ്സിലാക്കുന്നു; എഴുതുന്നു.

### പഠനാവതരണം

* ചിത്രശലഭങ്ങളോടും പൂക്കളോടും സംസാരിക്കുന്ന കുട്ടികളുടെ ബാല്യം. കുട്ടികൾക്ക് ഏറെ പ്രിയപ്പെട്ട പലതരം പൂക്കൾ/പൂക്കളുടെ ചിത്രങ്ങൾ അവരുടെ മുൻപിൽ പ്രദർശിപ്പിക്കുക.
* പൂക്കളെപ്പറ്റിയും അവയുടെ നിറം, പ്രത്യേകത എന്നിവയെപ്പറ്റിയും ചർച്ച ചെയ്യുന്നു; കണ്ടെത്തുന്നു.
* കണ്ടെത്തിയ വിവരങ്ങൾ രണ്ടു ഗ്രൂപ്പുകളായി കുട്ടികളെ തിരിച്ച് ചോദ്യോത്തരരീതിയിൽ അവതരിപ്പിക്കുക. ഉത്തരം കണ്ടെത്തുക.

ഉദാ:

| സംഘം – 1<br>മുല്ലപ്പൂവ് | സംഘം – 2<br>താമരപ്പൂവ് |
|---|---|
| • എന്റെ നിറം<br>• പ്രത്യേകത<br>• പ്രയോജനങ്ങൾ<br>• വെളുപ്പ്<br>• സുഗന്ധം | • എന്റെ നിറം<br>• പ്രത്യേകത<br>• പ്രയോജനങ്ങൾ<br>• ചെമപ്പ്<br>• ദേശീയപുഷ്പം |
| • വിവാഹമാല<br>• പൂമാല<br>• പൂജ ചെയ്യാൻ | • പൂജാദികർമ്മങ്ങൾക്ക് ഉപയോഗിക്കുന്നു |



* പൂവിനെകണ്ടാൽ കുട്ടികൾ എന്തൊക്കെ ചോദിക്കും? കുട്ടികളായ നിങ്ങളെപ്പോലെ ഒരു കുട്ടി പൂവിനോട് എന്തെല്ലാമാണ് ചോദിക്കുന്നതെന്ന് നമുക്ക് നോക്കാം.
* അധ്യാപികയും കുട്ടികളും കവിതാഭാഗം ഈണത്തിൽ ചൊല്ലുന്നു.
* ആശയം പരസ്പരം പങ്കുവെയ്ക്കുന്നു.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

* **ഉത്തരങ്ങൾ**:
  1. നല്ല ഭംഗിയുള്ള ഉടുപ്പ്/ ചെമ്മേറുമീയുടുപ്പ്.
  2. ഉടുപ്പ് കാണുമ്പോൾ ചേച്ചിക്ക് ഉമ്മവയ്ക്കാൻ തോന്നുന്നു.
  3. കാറ്റടിച്ച് വീഴല്ലേ, വെയിലേറ്റ് വാടല്ലേ എന്നാണ് പൂവിനെ കുട്ടി ഉപദേശിക്കുന്നത്.
  4. പൂവ് മണ്ണിനടിയിൽ ഒളിച്ചിരുന്നു എന്നാണ് കുട്ടി പറയുന്നത്.
* **പകരംപദം**:
  - <u>കാറ്റ്</u> തലോടിയപ്പോൾ പൂക്കൾ സന്തോഷിച്ചു.
* **പിരിച്ചെഴുതുക**:
  - ഇത്തിരിപ്പൂവ് : ഇത്തിരി + പൂവ്

* പാടിക്കളിക്കാം : പാടി + കളിക്കാം

**അഭ്യാസപുസ്തകം**

✻ **ഉത്തരങ്ങൾ**:

1. ജി. ശങ്കരക്കുറുപ്പ്
2. നല്ല ഭംഗിയുള്ള ഉടുപ്പ്/ ചെമ്മേറുമീയുടുപ്പ്
3. ചേച്ചിക്ക്
4. ഇത്തിരിപ്പൂവ്, ചുവന്നപ്പൂവ്

✻ **വിട്ടുപോയ അക്ഷരം**:

* തെല്ലുനേരം
* വീണിടൊല്ലേ

✻ **പിരിച്ചെഴുതുക**:

* പവിഴക്കൊടി : പവിഴ + കൊടി
* ചാഞ്ചാടിയാടും : ചാഞ്ചാടി + ആടും

✻ **ചേർത്തെഴുതുക**:

* മണ്ണിന് + അടിയിൽ : മണ്ണിനടിയിൽ
* കാറ്റ് + അടിച്ചു : കാറ്റടിച്ചു

✻ **സംഭാഷണം തയ്യാറാക്കാം**:

* കുട്ടിയും പൂവും തമ്മിൽ നടന്നിരിക്കാൻ ഇടയുള്ള സംഭാഷണം എഴുതൂ.

കുട്ടി: ഇത്തിരിപ്പൂവേ, നീ ഇത്രനാൾ എങ്ങുപോയി?

..................................

✻ **പകരംപദം**:

* പൂന്തോട്ടം ↔ പൂവാടി ↔ പൂങ്കാവനം
* പൂവുകൾ ↔ പുഷ്പങ്ങൾ ↔ സുമങ്ങൾ
* മാരുതൻ ↔ കാറ്റ് ↔ തെന്നൽ



## പാഠം 12 **ഒരു കത്ത്**

### പഠനലക്ഷ്യങ്ങൾ

✻ കത്തിന്റെ മാതൃക കണ്ടെത്തുന്നു.

✻ കത്ത് എഴുതുന്നു.

✻ വാക്യനിർമ്മാണത്തിൽ കഴിവ് ആർജ്ജിക്കുന്നു.

✻ ചാച്ചാനെഹ്റുവിനെ അറിയുന്നു.

✻ ലഘുജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു.

### പഠനാവതരണം

✻ ആശയവിനിമയത്തിന്റെ പ്രാധാന്യം, രീതികൾ, ക്ലാസ്സിൽ അധ്യാപിക പറയുന്നതോടൊപ്പം ഇതിനു സഹായിക്കുന്ന ഉപാധികൾ കുട്ടികൾ കണ്ടെത്തട്ടെ.
ഉദാ: കത്ത്, ഇ-മെയിൽ, ടെലഫോൺ, ...
ഇവയിൽ കത്തിനുള്ള മേന്മ കണ്ടെത്താൻ കുട്ടികളെ സഹായിക്കാം.

✻ കത്തിന്റെ മാതൃക (ഇൻലന്റ്, കാർഡ്) അധ്യാപിക കുട്ടികളുടെ മുൻപിൽ പരിചയപ്പെടുത്തുന്നു.

✻ കത്തിന്റെ ഗുണങ്ങൾ/മേന്മകൾ വിവരിക്കുക. കത്ത് എങ്ങനെയെഴുതാമെന്ന് കുട്ടികളോട് പറയണം.


✻ പാഠഭാഗം കുട്ടികൾ വായിക്കട്ടെ.

✻ ഉത്തരം കണ്ടെത്തട്ടെ.

* കത്ത് എഴുതിയതാര്? ആർക്കെഴുതി?
* നവംബർ 14ന്റെ പ്രത്യേകതയെന്ത്?
* കുട്ടികൾ നെഹ്റുവിനെ വിളിക്കുന്നത് എന്ത്?
* ശിശുദിനം എന്നാണ്?

✻ കത്തിനു മറുപടിയെഴുതാം.
ശ്രീദേവി ദേവുവിനയച്ച കത്തിനു മറുപടിയായി ദേവു കത്തെഴുതട്ടെ.

✻ കണ്ടെത്തിയെഴുതാം.




## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

✻ **ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് എഴുതുക:**

- പേര് : ജവഹർലാൽ നെഹ്റു
- മാതാവ് : കമല നെഹ്റു
- പിതാവ് : മോത്തിലാൽ നെഹ്റു
- ജന്മദിനം : നവംബർ 14
- കുട്ടികൾ വിളിക്കുന്ന പേര് : ചാച്ചാ നെഹ്റു, ചാച്ചാജി

✻ **ഉത്തരങ്ങൾ:**

1. ശ്രീദേവി
2. എറണാകുളം
3. ജവഹർലാൽ നെഹ്റു
4. നവംബർ 14

✻ **കത്തെഴുതാൻ ഉപയോഗിക്കുന്ന സാധനങ്ങൾ:**

1. ഇൻലന്റ്
2. പോസ്റ്റ് കാർഡ്
3. പോസ്റ്റ് കവർ
4. സ്റ്റാമ്പ്

### അഭ്യാസപുസ്തകം

✻ **അർത്ഥം:**

- ദിനം = ദിവസം
- ശിശു = പൈതൽ

✻ **പര്യായം:**

- അച്ഛൻ : പിതാവ്, ജനകൻ



- അമ്മ : മാതാവ്, ജനനി
- ശിശു : കുഞ്ഞ്, പൈതൽ, കുട്ടി
- കൂട്ടുകാരൻ : ചങ്ങാതി, സുഹൃത്ത്, തോഴൻ

✻ **വിപരീതപദം:**

- സ്നേഹം x വെറുപ്പ്
- ആദ്യം x അന്ത്യം/അവസാനം
- സന്തോഷം x സന്താപം/സങ്കടം
- സുഖം x ദുഃഖം/അസുഖം

✻ **പകരം പദം:**

- ഭാരതത്തിന്റെ <u>ആദ്യത്തെ</u> പ്രധാനമന്ത്രിയായിരുന്നു നെഹ്റു.

✻ **എതിർലിംഗം:**

| *പുല്ലിംഗം* | x | *സ്ത്രീലിംഗം* |
|---|---|---|
| ആൺകുട്ടി | x | പെൺകുട്ടി |
| പിതാവ് | x | മാതാവ് |
| കൂട്ടുകാരൻ | x | കൂട്ടുകാരി |
| ബാലകൻ | x | ബാലിക |

✻ **ശരിയേത്?:**

- അന്വേഷണം
- ആഘോഷം

✻ **ഉത്തരങ്ങൾ:**

1. ശ്രീദേവി
2. നവംബർ 14
3. ജവഹർലാൽ നെഹ്റു
4. ജവഹർലാൽ നെഹ്റു

✻ **യോജിപ്പിക്കാം:**

- സ്റ്റാമ്പ് ഒട്ടിച്ച എഴുത്ത് ⟶ തപാൽപ്പെട്ടി

- തപാൽ മാർഗ്ഗം പണം അയയ്ക്കുന്നു ⇢ ടെലഫോൺ
- പരസ്പരം സംഭാഷണം നടത്താം ⇢ മണി ഓർഡർ സമ്പ്രദായം
- എഴുത്തുകൾ ലക്ഷ്യസ്ഥാനത്തു എത്തിക്കുന്നു ⇢ പോസ്റ്റുമാൻ

✻ **മേൽവിലാസം കണ്ടെത്താം; കത്തെഴുതാം.**

✻ **കൂട്ടക്ഷരങ്ങൾ**:

രണ്ടോ അതിലധികമോ വ്യഞ്ജനങ്ങൾ ചേർന്നുണ്ടാകുന്ന അക്ഷരമാണ് കൂട്ടക്ഷരം.

ഉദാ: പ് + പ = പ്പ ⇢ പപ്പടം

ക് + ഷ = ക്ഷ ⇢ ഭക്ഷണം

ക് + ര = ക്ര ⇢ ചക്രം

ത് + വ = ത്വ ⇢ ത്വക്ക്

ത് + ത = ത്ത ⇢ തത്ത

## പാഠം 13 മുല്ലപ്പൂവ്

### പഠനലക്ഷ്യങ്ങൾ

✻ കവിതയ്ക്ക് ഈണവും താളവും കണ്ടെത്തുന്നു.

✻ കവിത സംഘാത്മകമായി ചൊല്ലുന്നു.

✻ ആശയം കണ്ടെത്തുന്നു.

✻ ലഘുകവിതകൾ തയ്യാറാക്കുന്നു.

✻ നാടൻപാട്ടുകൾ ശേഖരിക്കുന്നു.

### പഠനാവതരണം

✻ ആലായാൽ തറവേണം
തറയ്ക്കൊരമ്പലം വേണം
ആലിനു ചേർന്നൊരു കുളവും വേണം



കുളിപ്പാനായ് കുളം വേണം
കുളത്തിൽ ചെന്താമര വേണം

എന്ന നാടൻപാട്ട്/ഏതെങ്കിലും നാടൻപാട്ട് അധ്യാപിക താളമിട്ട് പാടുന്നു. കുട്ടികൾ ഏറ്റുചൊല്ലട്ടെ. (വായ്ത്താരി ചേർക്കണം) നാടൻപാട്ടിനെക്കുറിച്ച് ലളിതമായ വിശദീകരണം നൽകണം.

### നാടൻപാട്ടുകൾ

✻ പ്രാചീനമനുഷ്യന്റെ ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, അധ്വാനം, ചിന്ത, വികാരങ്ങൾ, ജീവിതസങ്കല്പങ്ങൾ തുടങ്ങിയവയുടെ ആവിഷ്ക്കാരമാണ് നാടൻപാട്ടുകൾ.

✻ നാടൻപാട്ടുകളുടെ കർത്താക്കളെ കണ്ടെത്താൻ പ്രയാസമാണ്. അവ ആരും എഴുതി പ്രചരിപ്പിച്ചവയല്ല. പാടിപ്പാടിപ്പകരുകയാണ് ചെയ്തത്.

✻ ചുണ്ടിൽനിന്നും ചുണ്ടിലേക്ക് പകർന്നവയാണ് നാടൻപാട്ടുകൾ.

✻ അധ്വാനം, കൃഷി, ഉത്സവം എന്നിവയുമായി ബന്ധപ്പെട്ട് നിരവധി പാട്ടുകൾ ഉണ്ട്.

✻ പാഠപുസ്തകം നോക്കുക. (പേജ് 51)

✻ മുല്ല എന്ന് നാടൻപാട്ട് ചാർട്ടിലെഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുക.

✻ കുട്ടികൾ സംഘമായി ചേർന്ന് താളബദ്ധമായി പാടട്ടെ. ആശയം കണ്ടെത്തട്ടെ.

✻ കുട്ടികൾ ഓരോരുത്തരായി കവിതയുടെ/നാടൻപാട്ടിന്റെ ആശയം കണ്ടെത്തി പറയട്ടെ.

കുട്ടി 1: ഇന്നലെ ഞാൻ ഒരു മുല്ല നട്ടു.

കുട്ടി 2: മുല്ലയ്ക്ക് ഞാൻ മൂന്നുകുടം വെള്ളംകോരി നനച്ചു.

കുട്ടി 3: മുല്ലയിൽ മൂന്ന് നാഴി പൂവ് വിരിഞ്ഞു.
കുട്ടി 4: മുല്ലപ്പൂവ് ഏതിലാണ് പറിക്കേണ്ടത്?
ഈ മാതൃകയിൽ ആശയം കണ്ടെത്തട്ടെ.

✻ വായ്ത്താരികൾ കണ്ടെത്താം.

പാട്ടിന്റെ രസം ഉണർത്തുന്നതിനായി ചില വായ്ത്താരികൾ ചേർക്കാം.

ഉദാ: തന്തനം തെയ്യനം താരോ തെയ്യനം താരോ
തന്തനം തെയ്യനം താരോ തെയ്യനം താരോ

പാഠഭാഗം വായ്ത്താരി ചേർത്തു പാടട്ടെ.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

- മുക്കുടം = മൂന്നുകുടം
- തളിക = പാത്രം
- മേനി = ഭംഗി
- നാഴി = അളവുപാത്രം
- ഇറുക്കുക = പറിക്കുക

✻ **പിരിച്ചെഴുതുക**:

- മടിയിൽ : മടി + ഇൽ
- നല്ലൊരു : നല്ല + ഒരു
- മുല്ലപ്പൂവ് : മുല്ല + പൂവ്

✻ **ചേർത്തെഴുതുക**:

- ഞാൻ + ഒരു : ഞാനൊരു
- വെള്ളം + ഒഴിച്ചു : വെള്ളമൊഴിച്ചു
- വെള്ളി + തളിക : വെള്ളിത്തളിക

✻ **ഒറ്റപദം**:

- മൂന്ന് നാഴി : മുന്നാഴി



- വെള്ളികൊണ്ടുള്ള തളിക : വെള്ളിത്തളിക
- മൂന്ന് കുടം : മുക്കുടം
- മുല്ലയിൽ ഉണ്ടാകുന്ന പൂവ് : മുല്ലപ്പൂവ്

✻ **ഉത്തരങ്ങൾ**:

1. കുട്ടി മുല്ലയാണ് നട്ടത്.
2. മുല്ലയ്ക്ക് കുട്ടി മൂന്നുകുടം വെള്ളം ഒഴിച്ചു.
3. വെള്ളിത്തളികയിലാണ് പൂക്കളിറുത്തിട്ടത്.

### അഭ്യാസപുസ്തകം

✻ **ഒറ്റപദങ്ങൾ കണ്ടെത്തുക**:

- ഞാനൊരു : ഞാൻ + ഒരു
- വെളുക്കെത്തേച്ച : വെളുക്കെ + തേച്ച
- നല്ലൊരു : നല്ല + ഒരു

## പാഠം 14 ഭാരതപ്പുഴ

### പഠനലക്ഷ്യങ്ങൾ

✻ കേരളത്തിലെ നദികളെ അറിയുന്നു.

✻ ഭാരതപ്പുഴയുടെ ചരിത്രം മനസ്സിലാക്കുന്നു.

✻ ആത്മകഥയും ജീവചരിത്രവും വ്യത്യാസം തിരിച്ചറിയുന്നു.

✻ പ്രശ്നോത്തരികൾക്ക് ആവശ്യമായ ചോദ്യങ്ങളും ഉത്തരങ്ങളും കണ്ടെത്തുന്നു.

✻ പ്രസംഗം തയ്യാറാക്കുന്നു.

✻ ലേഖനം തയ്യാറാക്കുന്നു.

### പഠനാവതരണം

✻ കേരളത്തിലെ ഏറ്റവും വലിയ നദിയേത്? എന്ന

ചോദ്യത്തിനുത്തരം കുട്ടികളിൽനിന്നും ലഭിക്കും.
-'ഭാരതപ്പുഴ'

* ഭാരതപ്പുഴയെക്കുറിച്ച് കുട്ടികൾക്കെന്തറിയാം. അവർ കണ്ടെത്തിയ വിവരങ്ങൾ/അറിവുകൾ ബോർഡിൽ ചാർട്ടിൽ രേഖപ്പെടുത്തണം.
* ഭാരതപ്പുഴയുടെ ഇന്നത്തെ ശോചനീയാവസ്ഥ വ്യക്തമാക്കുന്ന ചിത്രങ്ങൾ/വീഡിയോ ചിത്രങ്ങൾ കുട്ടികൾക്ക് മുൻപിൽ പ്രദർശിപ്പിക്കുക. ഇതിന്റെ കാരണങ്ങൾ അവർ സ്വയം കണ്ടെത്തട്ടെ. അധ്യാപിക കുട്ടികൾക്ക് അതിനു വേണ്ടതായ നിർദ്ദേശങ്ങൾ നൽകണം.
* കൂടാതെ മറ്റു പുഴകൾ/ജലസ്രോതസ്സുകൾ തുടങ്ങിയവയുടെ അവസ്ഥ വിശേഷങ്ങൾ അവർ അന്വേഷിച്ച് കണ്ടെത്തട്ടെ.
* ആത്മകഥാരൂപത്തിൽ തയ്യാറാക്കിയിരിക്കുന്ന പാഠഭാഗം അധ്യാപിക കുട്ടികൾക്ക് പരിചയപ്പെടുത്തണം. ഭാരതപ്പുഴ സ്വന്തം കഥ പറയുന്ന രീതിയിലാണ് പാഠത്തിന്റെ അവതരണം. പുഴയുടെ ചരിത്രം, ദുഃഖം കുട്ടികൾ തിരിച്ചറിയട്ടെ.
* കുട്ടികൾ അവർക്കു പരിചിതമായ പുഴയെപ്പറ്റി ഇതേ മാതൃകയിൽ എഴുതട്ടെ.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

* **ഉത്തരങ്ങൾ**:
  1. ഭാരതപ്പുഴ
  2. പേരാറ്, കണ്ണാടിപ്പുഴ
  3. ആനമലയിൽനിന്ന്
  4. ചെറുതുരുത്തി



* **കണ്ടെത്താം**:
  • നദി എങ്ങനെ മലിനപ്പെടുന്നു?
    1. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നദിയിൽ ഉപേക്ഷിക്കുന്നു.
    2. ജനസംഖ്യാ വർദ്ധനവ്.
    3. ഉപദേശസംസ്ക്കാരത്തിന്റെ വളർച്ച.
    4. നഗരവത്കരണം.
    5. ഫാക്ടറികളിൽനിന്നുള്ള മാലിന്യങ്ങൾ.
    6. കമ്പോളങ്ങളുടെ/കച്ചവടകേന്ദ്രങ്ങളുടെ വർധനവ്.
    7. ഹോട്ടലുകൾ, ആശുപത്രികൾ, തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നുള്ള വിവിധതരം മാലിന്യങ്ങൾ.
    8. ഫ്ളാറ്റുകൾ, വീടുകൾ ഉപേക്ഷിക്കുന്ന മാലിന്യങ്ങൾ.

തന്നിരിക്കുന്ന വിവരങ്ങൾ കൂടാതെയുള്ള കാരണങ്ങളും കണ്ടെത്തുക.

* **കലാരൂപങ്ങൾ**:
  • കഥകളി • ഓട്ടൻതുള്ളൽ • മോഹിനിയാട്ടം

### അഭ്യാസപുസ്തകം

* **ഉത്തരങ്ങൾ**:
  1. ഭാരതപ്പുഴ
  2. കലാമണ്ഡലം
  3. ചെറുതുരുത്തി
  4. ആനമല
* **ശരിയായ അക്ഷരം**:
  1. പശ്ചിമഘട്ടം
  2. കണ്ണാടിപ്പുഴ
  3. രക്ഷിക്കുക
  4. മലമ്പുഴ
* **കാരണം കണ്ടെത്താം; പ്രസംഗം തയ്യാറാക്കാം**:
  • നദി എങ്ങനെ മലിനപ്പെടുന്നു എന്ന വിഷയത്തെ ആസ്പദമാക്കി ഒരു പ്രസംഗം തയ്യാറാക്കാം.

* **ശരിയായ വാക്ക്:**
  1. ഒഴുകിയൊഴുകി, ചെന്നെത്തുന്നു.
  2. സ്ഥിതി ചെയ്യുന്നത്.
  3. തടസ്സമാക്കി.
  4. രക്ഷിക്കുക.
* **മാതൃകപോലെയെഴുതുക:**

| | |
|---|---|
| 1. കുട്ടി : കുട്ടികൾ | 2. പേന : പേനകൾ |
| 3. കിളി : കിളികൾ | 4. ചെടി : ചെടികൾ |

* **ശരിയേത്?:**
  1. അറബിക്കടൽ
  2. കേന്ദ്രം

* **കേരളത്തിലെ നദികൾ:**

| പേര് | നീളം | പേര് | നീളം |
|---|---|---|---|
| 1. നെയ്യാർ | : 56കി.മീ | 23. അഞ്ചരക്കണ്ടി | : 48കി.മീ |
| 2. കരമന | : 68കി.മീ | 24. വളപട്ടണം | : 110കി.മീ |
| 3. വാമനപുരം | : 88കി.മീ | 25. കുപ്പം | : 82കി.മീ |
| 4. ഇത്തിക്കര | : 56കി.മീ | 26. കവ്വായി | : 31കി.മീ |
| 5. കല്ലട | : 121കി.മീ | 27. രാമപുരം | : 19കി.മീ |
| 6. അച്ചൻകോവിൽ | : 128കി.മീ | 28. കാരിയങ്കോട് | : 64കി.മീ |
| 7. പമ്പ | : 176കി.മീ | 29. നീലേശ്വരം | : 46കി.മീ |
| 8. മണിമല | : 90കി.മീ | 30. ചന്ദ്രഗിരി | : 105കി.മീ |
| 9. മീനച്ചിൽ | : 78കി.മീ | 31. പെരുവമ്പ | : 51കി.മീ |
| 10. മൂവാറ്റുപുഴ | : 121കി.മീ | 32. മൊഗ്രാൽ | : 34കി.മീ |
| 11. പെരിയാർ | : 244കി.മീ | 33. ഷിറിയ | : 67കി.മീ |



| | | | |
|---|---|---|---|
| 12. ചാലക്കുടി | : 130കി.മീ | 34. ഉപ്പള | : 50കി.മീ |
| 13. കരുവണ്ണൂർ | : 48കി.മീ | 35. മഞ്ചേശ്വരം | : 16കി.മീ |
| 14. കീച്ചേരി | : 51കി.മീ | 36. ചിത്താരി | : 25കി.മീ |
| 15. ഭാരതപ്പുഴ | : 209കി.മീ | 37. മയ്യഴി | : 54കി.മീ |
| 16. തീരൂർ | : 48കി.മീ | 38. പുഴവയ്ക്കൽ | : 29കി.മീ |
| 17. കടലുണ്ടി | : 130കി.മീ | 39. അയിയൂർ | : 17കി.മീ |
| 18. ചാലിയാർ | : 169കി.മീ | 40. പൗച്ചിക്കൽ | : 42കി.മീ |
| 19. കല്ലായി | : 22കി.മീ | 41. മാമം | : 27കി.മീ |
| 20. കോരപ്പുഴ | : 40കി.മീ | 42. കബനി | : 56.6കി.മീ |
| 21. കുറ്റ്യാടി | : 74കി.മീ | 43. ഭവാനി | : 37.5കി.മീ |
| 22. തലശ്ശേരി | : 28കി.മീ | 44. പാമ്പാർ | : 25കി.മീ |

* **കലാരൂപങ്ങൾ:**
  - കഥകളി
    : കേരളത്തിന്റെ ദൃശ്യകലാരൂപം.
  - ഓട്ടൻതുള്ളൽ
    : ജനകീയകലാരൂപം : കുഞ്ചൻനമ്പ്യാർ
  - മോഹിനിയാട്ടം
    : കേരളത്തിന്റെ തനതുകലാരൂപം, ദാസിയാട്ടം

## പാഠം 15 **ഒരു നാടൻപാട്ട്**

**പഠനലക്ഷ്യങ്ങൾ & പഠനാവതരണം**

* മുല്ലപ്പൂവ് എന്ന പാഠം നോക്കുക.

### പഠനപ്രവർത്തനങ്ങൾ

**പാഠപുസ്തകം**

* **ശരിയായ പദം:**
  - ആലായാൽ <u>തറ</u> വേണം.

- കുളത്തിൽ <u>ചെന്താമര</u> വേണം.
- പൂവായാൽ <u>മണം</u> വേണം.
- കുളിപ്പാനായ് <u>കുളം</u> വേണം.

✻ **മാതൃകപോലെ എഴുതുക:**

- ചെം + താമര : ചെന്താമര
- ചെം + കടൽ : ചെങ്കടൽ
- ചെം + മണ്ണ് : ചെമ്മണ്ണ്

**അഭ്യാസപുസ്തകം**

✻ **ശരിയായ പദം:**

1. ചെന്താമര
2. ചന്ദനം
3. അമ്പലം
4. ചെന്നകം

✻ **ഉചിതമായ പദം:**

1. തറ
2. ചെന്താമര
3. മണം
4. കുളം

✻ **ഉചിതമായവ:**

1. ആലായാൽ → തറ → വേണം.
2. പൂവായാൽ → മണം → വേണം.
3. പൂമാനായാൽ → ഗുണം → വേണം.
4. പൂമാനിനിമാർകളായാൽ → അടക്കം → വേണം.

✻ **നാടൻപാട്ടുകൾ:**

- മഞ്ഞക്കാട്ടിൽ പോയാലോ...
  മഞ്ഞക്കിളിയെ പിടിക്കാലോ...
  മഞ്ഞക്കിളിയെ പിടിച്ചാലോ...
  പപ്പും ചിറകും പറിക്കാലോ...

- താരീകന്താരോം...
  നേരം പുലർന്നുപോയേ



താരീതിനന്തോം...
ഒരു പിടി ഞാറെടുത്തേൻ
താരീകന്താരോം...
നട്ടിട്ടും തീരുന്നില്ലേ
താരീകന്താരോം...

✻ **മാതൃകപോലെ എഴുതുക:**

- ചെന്താമര
- ചെങ്കടൽ
- ചെമ്മാനം

✻ **സമാനപദങ്ങൾ:**

- താമര, കമലം, വാരിജം, അംബുജം, ജലജം

## പാഠം 16 ആപത്തിൽ കുടുങ്ങിയ കുരങ്ങൻ

**പഠനലക്ഷ്യങ്ങൾ**

✻ കഥ പറയുന്നു.
✻ കഥയുടെ ആശയം മനസ്സിലാക്കുന്നു.
✻ സംഭാഷണരീതി തിരിച്ചറിയുന്നു.
✻ ഗുണപാഠം മനസ്സിലാക്കുന്നു.
✻ ചെറുകഥകൾ തയ്യാറാക്കുന്നു.
✻ വായന വളരുന്നു.

**പഠനാവതരണം**

✻ ആപത്തിൽ കുടുങ്ങിയ കുരങ്ങന്റെ ചിത്രം ബോർഡിൽ പ്രദർശിപ്പിക്കുക. ചിത്രം നോക്കി കുട്ടികൾ കഥ പറയട്ടെ.

✻ ഓരോരുത്തരും അവരുടെ ഭാവനയ്ക്കനുസരിച്ച് കഥ പൂർത്തിയാക്കട്ടെ. അതിനുശേഷം അധ്യാപിക ഉചിതമായ ഗുണപാഠം കണ്ടെത്താൻ കുട്ടികളെ സഹായിക്കാം.

✻ പാഠഭാഗം ഉറക്കെ വായിക്കുക.

* ചിത്രം നോക്കിപ്പറഞ്ഞ കഥയിൽനിന്നുള്ള വ്യത്യാസങ്ങൾ കണ്ടെത്തുക.
* കുരങ്ങനു സംഭവിച്ച ആപത്തിന്റെ കാരണങ്ങൾ കുട്ടികൾ കണ്ടെത്തിപറയട്ടെ.

## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം

* **അർത്ഥം:**
  - ചെവി = കർണം
  - വൃദ്ധൻ = വയസ്സൻ
  - മരം = വൃക്ഷം
  - കുരങ്ങ് = മർക്കടൻ
* **പകരം പദം:**
  - കുട്ടികൾ ആഹാരം കഴിക്കാൻ പോയി.
  - രാമുവും രാജുവും ചങ്ങാതിമാർ / കൂട്ടുകാർ ആയി.
* **വാക്യരചന:**
  - അധ്യാപകർ കുട്ടികളെ ഉപദേശിക്കുക പതിവാണ്.
  - കൂട്ടുകാരന്റെ വാക്കുകൾ കുട്ടി ചെവികൊണ്ടില്ല.
* **ഉത്തരങ്ങൾ:**
  1. കുട്ടികുരങ്ങൻ മരത്തടിയിൽ കയറ്റിവച്ചിരിക്കുന്ന ആപ്പ് ഇളക്കാൻ തുടങ്ങി.
  2. ആപ്പ് ഇളക്കരുതെന്ന് വൃദ്ധനായ കുരങ്ങൻ ഉപദേശിച്ചു.
  3. ആശാരിമാർ ആണ് മരപ്പണികൾ നടത്തിയത്.
  4. മൂത്തവർ പറയുന്നത് അനുസരിച്ചില്ലെങ്കിൽ ആപത്തിൽ പെടും.

### അഭ്യാസപുസ്തകം

* **പര്യായം:**
  - അമ്പലം : ക്ഷേത്രം, ദേവാലയം



  - മരം : വൃക്ഷം, തരു
  - കുരങ്ങ് : മർക്കടൻ, കപി
  - ചെവി : കർണം, കാത്
* **വാക്യരചന:**
  - ഉപദേശം നല്ലതാണ്.
  - മുതിർന്നവരുടെ ഉപദേശം കുട്ടികൾ അനുസരിക്കണം.
  - നല്ല ഉപദേശങ്ങൾ ജീവിതവിജയത്തിലേക്ക് നയിക്കും.
* **ശരിയായ ഉത്തരം:**
  - കുട്ടികുരങ്ങൻ
* **മാതൃകപോലെയെഴുതാം:**
  - വിഷമിക്കുകയില്ല
  - വിഷമിച്ചിരുന്നു
  - വിഷമം
  - വിഷമിച്ചു
  - വിഷമിക്കും
  - വിഷമിക്കാം
* **ശീർഷകം നിർദേശിക്കാം:**
  - ലഘുവായിരിക്കണം.
  - ലളിതമാകണം.
  - ആശയം ഉൾക്കൊള്ളണം.

## പാഠം 17 സൂര്യനെപ്പോലെയൊരപ്പൂപ്പൻ

### പഠനലക്ഷ്യങ്ങൾ

* കവിത ഈണത്തിലും താളത്തിലും ചൊല്ലുന്നു.
* ആശയം കണ്ടെത്തുന്നു.
* ലഘുകവിതകൾ തയ്യാറാക്കുന്നു.
* ഗാന്ധിജിയെ അറിയുന്നു.
* ഗാന്ധിജിയുടെ രൂപം, ഉപദേശം തിരിച്ചറിയുന്നു.
* പരസ്പരം സ്നേഹം - മനസ്സിലാക്കുന്നു.

## പഠനാവതരണം

* രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ചിത്രം കുട്ടികളെ കാണിക്കുന്നു. അവർ ഗാന്ധിജിയെ തിരിച്ചറിയും. കുട്ടികൾ അവർക്കറിയാവുന്ന കാര്യങ്ങൾ പങ്കുവയ്ക്കട്ടെ. അവർ കണ്ടെത്തിയ കാര്യങ്ങൾ അധ്യാപിക ബ്ലാക്ക്ബോർഡിൽ എഴുതണം. എഴുതിയ വിവരങ്ങൾ ചേർത്ത് ഗാന്ധിജിയെപറ്റി ഒരു ലഘുകവിതയെഴുതാൻ കുട്ടികളോട് നിർദേശിക്കാം. കവിത ക്ലാസ്സിൽ അവതരിപ്പിക്കുക. നല്ല കവിതകൾ ചേർത്ത് ഒരു കവിതപതിപ്പ് തയ്യാറാക്കാം.
* മലയാളത്തിലെ പ്രശസ്ത കവയിത്രി സുഗതകുമാരിയെഴുതിയ ഒരു ബാലകവിതയാണ് സൂര്യനെപ്പോലെയൊരപ്പൂപ്പൻ. സൂര്യനെപ്പോലെ തേജസ്സുള്ള ഗാന്ധിജിയെപ്പറ്റിയുള്ള പാഠഭാഗം കുട്ടികൾ താളബദ്ധമായി ചൊല്ലട്ടെ. ആശയം കണ്ടെത്താൻ അധ്യാപിക സഹായിക്കണം.

ഗാന്ധിജി
- സൂര്യനെപ്പോലെയൊരപ്പൂപ്പൻ
- മൊട്ടത്തല
- തെളിഞ്ഞ കണ്ണ്
- മുട്ടോളമെത്തുന്ന കൊച്ചുമുണ്ട്
- മുൻവരിപ്പല്ലില്ലാ പുഞ്ചിരി
- വെൺനര ചൂടും വിരിഞ്ഞമാറും

ഗാന്ധിജിയുടെ ഉപദേശം
- പരസ്പരം സ്നേഹിക്കണം.
- അമ്മയെ സേവിക്കണം.
- സത്യം പറയണം.
- നല്ലവരായ് വളരേണം.



## പഠനപ്രവർത്തനങ്ങൾ

### പാഠപുസ്തകം


* **പര്യായം:**
  - സൂര്യൻ : രവി, ആദിത്യൻ, അരുണൻ
  - അമ്മ : ജനനി, മാതാവ്, തായ
  - കണ്ണ് : നയനം, അക്ഷി, മിഴി
  - ദേവൻ : ഈശൻ, ഈശ്വരൻ, നാഥൻ
* **പിരിച്ചെഴുതുക:**
  - സൂര്യനെപ്പോലെ : സൂര്യനെ + പോലെ
  - നിങ്ങളെന്നും : നിങ്ങൾ + എന്നും
  - മുട്ടോളമെത്തുന്ന : മുട്ടോളം + എത്തുന്ന
* **ചേർത്തെഴുതുക:**
  - നമ്മൾക്ക് + ഉണ്ടായിരുന്നു : നമ്മൾക്കുണ്ടായിരുന്നു
  - മൊട്ട + തല : മൊട്ടത്തല
  - ഒരു + അപ്പൂപ്പൻ : ഒരപ്പൂപ്പൻ
* **ശരിയായ പദം:**
  - പുഞ്ചിരി
  - വെൺനര
* **ഉത്തരങ്ങൾ:**
  1. നീളമുള്ള വടിയാണ് ഗാന്ധിജിക്ക് ഉണ്ടായിരുന്നത്.
  2. പരസ്പരം സ്നേഹിക്കുക, അമ്മയെ സേവിക്കുക, സത്യം പറയുക എന്നിവയാണ് ഗാന്ധിജിയുടെ ഉപദേശങ്ങൾ.
  3. അമ്മയെയാണ് നാം സേവിക്കേണ്ടത്.
  4. മൊട്ടത്തല, തെളിഞ്ഞ കണ്ണ്, മുട്ടോളമെത്തുന്ന കൊച്ചുമുണ്ട്.

✻ **കണ്ടെത്താം:**

1. എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ
2. ആത്മകഥ : സ്വന്തം ജീവിതകഥ

ജീവചരിത്രം: വ്യക്തികളുടെ ജീവിതകഥ

✻ **പദസൂര്യൻ:**




## അഭ്യാസപുസ്തകം

✻ **പൂരിപ്പിക്കാം:**

- മൊട്ട + തല : മൊട്ടത്തല
- സൂര്യനെ + പോലെ : സൂര്യനെപ്പോലെ
- നിങ്ങൾ + എന്നും : നിങ്ങളെന്നും
- ഒരു + അപ്പൂപ്പൻ : ഒരപ്പൂപ്പൻ

✻ **ശരിയായ ഉത്തരം:**

1. നീളൻവടി
2. സൂര്യൻ
3. കവയിത്രി
4. സുഗതകുമാരി

✻ **ആൽബം തയ്യാറാക്കുക.**

✻ **പ്രസംഗം തയ്യാറാക്കുക.**

✻ **ജീവചരിത്രം/ആത്മകഥ മുൻപാഠഭാഗങ്ങളിൽ നോക്കുക.**

✻ **ഗാന്ധിജിയെപ്പറ്റി ഒരു ലഘുജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.**



# പാഠം 18 കവിപരിചയം

## പഠനലക്ഷ്യങ്ങൾ

✻ ഭാഷാമൃതം - രണ്ടാംതരം പാഠപുസ്തകത്തിലെ പാഠങ്ങൾ/കവിതകൾ രചിച്ച കവികളുടെ ലഘുക്കുറിപ്പാണിത്.

ഓരോ പാഠവും/കവിതയും കുട്ടികൾക്കു പരിയചപ്പെടുത്തുമ്പോൾ അവ രചിച്ച കവിയെപ്പറ്റിയും മനസ്സിലാക്കാൻ സഹായിക്കുന്നു. ചിത്രങ്ങളിൽനിന്ന് കുട്ടികൾ അവരെ തിരിച്ചറിയട്ടെ.

മലയാളം മധുരമായി തീരട്ടെ...

മാതൃഭാഷയായ സ്നേഹം ഓരോ കുട്ടിയിലും നിറയട്ടെ...

## പഠനപ്രവർത്തനങ്ങൾ

## പാഠപുസ്തകം

✻ **ഉത്തരങ്ങൾ:**

1. ജി. ശങ്കരക്കുറുപ്പ്
2. ഓമനത്തിങ്കൾക്കിടാവോ
3. പൂന്താനം
4. സുഗതകുമാരി
5. പൂന്താനം